**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** **12-02-2024 - ൽ മറുപടിയ്ക്ക്**

**കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള മാനദണ്ഡം പാലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യക്തികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | രാജ്യത്തിന്റെ സുരക്ഷയ്ക്കും ക്രമസമാധാന പരിപാലനത്തിനും വിഘാതമായി പ്രവർ ത്തിക്കുന്നവർ, സേവനങ്ങളും അവശ്യ സാധനങ്ങളും സമൂഹത്തിന് ലഭ്യമാകു ന്നത് തടസ്സപ്പെടുത്തുന്നവർ, സംഘടിത കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെട്ടു ന്നവർ, സ്ഥിരമായി മയക്കുമരുന്ന് കടത്ത്, ഉത്പാദനം, വിതരണം എന്നി വയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നടത്തുന്നവർ, രാജ്യത്തിന്റെ സാമ്പ ത്തിക ഭദ്രതയെ തകർക്കുംവിധം നിയമ വിരുദ്ധ ഇറക്കുമതി, കയറ്റുമതി തുടങ്ങിയ കള്ളക്കടത്ത് പ്രവർത്തനങ്ങളിൽ ഏർ പ്പെട്ടുന്നവർ തുടങ്ങിയ കുറ്റവാളികൾ ക്കെതിരെ 1980 ലെ National Security Act (NSA), 1988 ലെ The Prevention of Illicit Trafffic in Narcotic Drugs and Psychotropic Substances Act (PIT NDPS Act), 1974 ലെ The Conservation of Foreign Exchange and Prevention of Smuggling Activities act (COFEPOSA), 2007 ലെ Kerala Anti-Social Activities (Prevention) Act (KAAPA) തുടങ്ങിയ നിയമങ്ങൾ പ്രകാരം കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>പോലീസിന് നേരിട്ടെടുക്കാവുന്ന ഒരു കുറ്റകൃത്യം ഏതെങ്കിലും വ്യക്തി കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെയും കരുത ലോടെയും സംശയാസ്പദമായ സാഹ ചര്യത്തിൽ നിൽക്കുന്നതായി കാണ പ്പെടുകയും ആയത് മറ്റ് വിധത്തിൽ തടയാൻ കഴിയില്ലായെന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് ബോധ്യമാകുന്ന പക്ഷം ക്രിമിനൽ നടപടിക്രമം 151 പ്രകാരവും കരുതൽ തടങ്കൽ നടപടികൾ സ്വീക രിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കേരള പോലീസ് ആക്ട് സെക്ഷൻ 40 പ്രകാരം പൊതുജനങ്ങൾ ഹാജരുള്ള സ്ഥലത്ത് അഞ്ചോ അതിലധികമോ ആളുകൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ നൽകിയ ഏതെങ്കിലും നിർദ്ദേശം ചെറുക്കുകയോ നിരസിക്കുകയോ അല്ലെ ങ്കിൽ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ, കേരള പോലീസ് ആക്ടിലെയൊ മറ്റേതെങ്കിലും നിയമത്തിലെയോ ഏതെങ്കിലും വ്യവസ്ഥ പ്രകാരം അയാൾക്ക് കൈക്കൊള്ളാ വുന്ന മറ്റേതെങ്കിലും നടപടിയെ ബാധി ക്കാതെ തന്നെ അത്തരം ആളുകളെയും നീക്കം ചെയ്യിക്കാവുന്നതാണ്. |
| (ബി) | മുഖ്യമന്ത്രിയുടെ പരിപാടിയുടെ മുന്നോടിയായി പ്രമുഖ പ്രതിപക്ഷ യുവജനസംഘടനാ പ്രവർത്തകരെ അനധികൃതമായി കരുതൽ തടങ്കലിൽ വച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിയമപ്രകാരമാണോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സുപ്രീം കോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രമുഖ പ്രതിപക്ഷ യുവജനസംഘടനാ പ്രവർത്തകരെ അനധികൃതമായി കരുതൽ തടങ്കലിൽ വയ്ക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സുപ്രീം കോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ അനധികൃതമായി കരുതൽ തടങ്കലിൽ പാർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ